## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2494.** **09.03.2018 ൽ മറുപടിയ്ക്ക്**

### യുവാക്കൾക്കിടയിലെ ലഹരി ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവാക്കൾക്കിടയിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | യുവാക്കൾക്കിടയിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (ബി) | ലഹരിയ്ക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി പത്തൊൻപത് വയസ്സിൽ താഴെ പ്രായമുള്ള സ്കൂൾ തല സീനിയർ ആൺകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ജനുവരി മാസത്തിൽ പതിനാല് ജില്ലകളിലുമായി ജില്ലാതല കബഡി മത്സരങ്ങൾ സംഘടിപ്പിക്കുകയും ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ വച്ച് 2018 ജനുവരി 29-ാം തീയതി സംസ്ഥാനതല മത്സരവും നടത്തുകയുണ്ടായി. കേരളത്തിലെ മികച്ച വോളിബോൾ ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലത്തിലും തുടർന്ന് ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് ആലപ്പുഴ ജില്ലയിൽ വച്ച് 2018 മാർച്ച് മാസത്തിൽ തീയതികളിലായി സംസ്ഥാന തലത്തിലും വോളിബോൾ മത്സരം സംഘടിപ്പിച്ചിട്ടുണ്ട്. സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ വിദ്യാർത്ഥികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുവാനാണ് ലക്ഷ്യമിടുന്നത്. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്സ്, ചിത്രരചന, കയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുന്നതിലൂടെ അതിലൂടെ ലഹരിവിരുദ്ധ സന്ദേശങ്ങൾ പകരാനും കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ ആളുകളെ ചികിത്സിക്കാൻ എവിടെയെല്ലാമാണ് ഡി-അഡിക്ഷൻ സെന്ററുകൾ നിലവിലുള്ളതെന്ന് അറിയിക്കുമോ; | (സി) | നിലവിൽ സർക്കാർ മേഖലയിൽ സംസ്ഥാന ആരോഗ്യ വകുപ്പിനു കീഴിൽ കൊല്ലം, തൃശ്ശൂർ, പാലക്കാട് ജില്ലാ ആശുപത്രികളിലും കണ്ണൂർ, പത്തനം തിട്ട ജനറൽ ആശുപത്രികളിലും ഡീ അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ച വരുന്നുണ്ട്. |
| (ഡി) | പുതുതായി ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | കേരളത്തിലെ പതിനാലു ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ചു കൊണ്ട് ഡീ-അഡിക്ഷൻ സെൻററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ആരോഗ്യ വകുപ്പ് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ പ്രകാരം നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ആശുപത്രികൾ ചുവടെ ചേർക്കുന്നു.<br>1) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, നെടുംങ്ങോലം, കൊല്ലം.<br>2) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ<br>3) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ.<br>4) ജനറൽ ആശുപത്രി, പാല, കോട്ടയം.<br>5) ജനറൽ ആശുപത്രി, ആലുവ, എറണാകുളം.<br>6) ഡിസ്ട്രിക്ക് ആശുപത്രി, മാവേലിക്കര, ആലപ്പുഴ<br>7) ജനറൽ ആശുപത്രി, നെയ്യാറ്റിൻകര, തിരുവനന്തപുരം.<br>8) ജനറൽ ആശുപത്രി, കൽപ്പറ്റ, വയനാട്.<br>9) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി, പത്തനംതിട്ട.<br>10) പ്രൈമറി ഹെൽത്ത് സെൻറർ, അഗളി, പാലക്കാട്. |

**സെക്ഷൻ ഓഫീസർ**